**ചരമോപചാരം**

എം. മുരളിയുടെ നിര്യാണം

മി. സ്പീക്കർ: മുതിർന്ന കോൺഗ്രസ് നേതാവും മാവേലിക്കര നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ.-യുമായിരുന്ന എം. മുരളി 2026 ഫെബ്രുവരി 05-ന് അന്തരിച്ചു. 1991 മുതൽ 2011 വരെ തുടർച്ചയായി നാല് തവണ മാവേലിക്കര നിയോജകമണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ച അദ്ദേഹം മണ്ഡലത്തിന്റെ വികസന ചരിത്രത്തിൽ മായ്ക്കാനാവാത്ത മുദ്ര പതിപ്പിച്ചു. 1953 ഓഗസ്റ്റ് 03-ന് ആലപ്പുഴ ജില്ലയിലെ ചെറുകോലിൽ കെ. പി. മാധവൻപിള്ളയുടെയും വി. കെ. രാജമ്മയുടെയും മകനായാണ് അദ്ദേഹത്തിന്റെ ജനനം. കെ.എസ്.യു പ്രസ്ഥാനത്തിലൂടെയാണ് അദ്ദേഹം രാഷ്ട്രീയത്തിന്റെ മുൻനിരയിലെത്തിയത്. 1969-ൽ കെ.എസ്.യു അംഗമായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം സംഘടനയുടെ ആലപ്പുഴ ജില്ലാ പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1980-ൽ കെ.എസ്.യു. സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ക്യാമ്പസുകളിൽ തന്റെ പ്രസ്ഥാനത്തെ കരുത്തുറ്റതാക്കി. കണ്ണൂരിൽനിന്നും തിരുവനന്തപുരത്തേയ്ക്ക്

യൂത്ത് കോൺഗ്രസ് 1982-ൽ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ നേതൃത്വം നൽകിയത് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ വഴിത്തിരിവായി. രാജീവ് ഗാന്ധി പഞ്ചായത്തീരാജ് സമിതി സംസ്ഥാന ചെയർമാനായും കെ.പി.സി.സി. നിർവാഹക സമിതി അംഗമായും സേവനമനുഷ്ഠിച്ച അദ്ദേഹം മികച്ചൊരു അഭിഭാഷകൻ കൂടിയായിരുന്നു. മഹാത്മാഗാന്ധി സർവകലാശാലയുടെയും കേരള സർവകലാശാലയുടെയും സെനറ്റിലെ അംഗമായിരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗം, കെ.എസ്.എഫ്.ഇ ഡയറക്ടർ ബോർഡ് അംഗം, സംസ്ഥാന യുവജനക്ഷേമ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചുകൊണ്ട് തന്റെ ഭരണപരമായ മികവ് തെളിയിച്ചു. നിയമസഭാ പ്രവർത്തനങ്ങളിൽ അസാമാന്യമായ കൃത്യത പുലർത്തിയിരുന്ന എം. മുരളി 9-ാം കേരളനിയമസഭ മുതൽ 12-ാം കേരള നിയമസഭ വരെ പൊതുപ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ 73 അനൗദ്യോഗിക ബില്ലുകൾക്ക് അവതരണാനുമതി തേടിയിട്ടുണ്ട്. മലയാളം സർവകലാശാലയുടെ രൂപീകരണം, മുതിർന്ന പൗരൻമാർക്കായുള്ള കമ്മീഷൻ തുടങ്ങി നിരവധി വിപ്ലവകരമായ ആശയങ്ങൾ അദ്ദേഹമാണ് അനൗദ്യോഗിക ബില്ലുകളിലൂടെ

സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. നിയമ മേഖലയിലെ പാണ്ഡിത്യം സഭയിലെ ചർച്ചകളിൽ ഗൗരവമേറിയ ഇടപെടലുകൾ നടത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കി. 2001-06 കാലഘട്ടത്തിൽ നിയമസഭയുടെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സൺ എന്ന നിലയിലും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ചു. ലാളിത്യവും ജനങ്ങളോടുള്ള ആത്മബന്ധവുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. ആദർശ ധീരതയും വിനയവും ഒത്തുചേർന്ന മനുഷ്യ സ്നേഹിയും കറപുരളാത്ത രാഷ്ട്രീയ പാരമ്പര്യത്തിന് ഉടമയുമായിരുന്ന എം. മുരളിയുടെ വിയോഗം കേരള രാഷ്ട്രീയത്തിനും കോൺഗ്രസ് പ്രസ്ഥാനത്തിനും കനത്ത നഷ്ടമാണ്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹദ്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

<u>മി. സ്പീക്കർ</u>: ഓർഡർ.........ഓർഡർ...... ഇന്നത്തെ ശ്രദ്ധ ക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കലുകളുടെയും സബ്മിഷനുകളുടെയും മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേക്ക് കടക്കുകയും ചെയ്തു.)